16933
3/12/1 –

# കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - എച്ച് എസ് എസ് റ്റി ജൂനിയർ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം - ഹൈസ്കൂൾ / യു.പി.സ്കൂൾ/ എൽ.പി. സ്കൂൾ അദ്ധ്യാപകർക്ക് നീക്കിവച്ചിരിക്കുന്ന 25% ക്വാട്ടയിലേക്ക് ലാബ് അസിസ്റ്റന്റ്/മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് സബ് ക്വാട്ട നിശ്ചയിച്ചുകൊണ്ടും നേരിട്ടുള്ള നിയമനരീതി അവലംബിച്ചിട്ടുള്ള തസ്തികകളിലേയ്ക്കുള്ള തസ്തികമാറ്റ നിയമനങ്ങളെല്ലാം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്താൻ അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

**സ.ഉ.(കൈ.)നം.296/2015/പൊവി** **തീയതി, തിരുവനന്തപുരം 01/12/2015**

---

പരാമർശം:- (1)16/04/2001-ലെ സ.ഉ (പി.) നം.144/2001/പൊവി.(SRO No. 410/2001 / G.Edn and SRO No.411/2001)

(2)ഹയർ സെക്കന്ററി ഡയറക്ടറുടെ 16/03/2013-ലെ എഡി.ബി2 8099/13/HSE നമ്പർ കത്ത്.

(3) ഹയർ സെക്കന്ററി ഡയറക്ടറുടെ 23/04/2013-ലെ എഡി.ബി3 14654/13/HSE നമ്പർ കത്ത്.

(4) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 11.03.2015, 27.07.2015 തീയതികളിലെ A V (2) 10555/2014/GW നമ്പർ കത്തുകൾ

## ഉത്തരവ്

പരാമർശം 1-ലെ കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് യഥാക്രമം എച്ച് എസ് എസ് റ്റി/എച്ച് എസ് എസ് റ്റി (ജൂനിയർ) തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തിവരുന്നത്. ഹയർ സെക്കന്ററി വകുപ്പിലെ മൊത്തം ഹയർ സെക്കന്ററി അദ്ധ്യാപക (ജൂനിയർ) തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയമനത്തിന് ഹൈസ്കൂൾ/യു.പി സ്കൂൾ/എൽ.പി സ്കൂൾ അദ്ധ്യാപകർക്കായി പൊതുവിൽ സംവരണം ചെയ്തിരിക്കുകയാണ്. എന്നാൽ യു. പി സ്കൂൾ/എൽ.പി. സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേകമായി ക്വാട്ട നിശ്ചയിക്കാത്തതിനാൽ യോഗ്യരായ എച്ച്.എസ്.എ മാരുടെ അഭാവത്തിൽ മാത്രമേ യു.പി.സ്കൂൾ /എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടുകയുള്ളൂ എന്നതിനാൽ തസ്തികമാറ്റ നിയമനത്തിന്റെ ആനുകൂല്യം വളരെ പരിമിതമായി മാത്രമേ ലഭിക്കുന്നുള്ളൂ എന്നും പല തസ്തികകളിലും പേരിനു പോലും അവർ നിയമിക്കപ്പെടുന്നില്ല എന്നും അതിനാൽ 25% ക്വാട്ടയിൽ അവർക്ക് നിശ്ചിത ശതമാനം പ്രത്യേകമായി മാറ്റി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും അതു പോലെ തന്നെ ഹയർ സെക്കന്ററി മേഖലയിൽ യോഗ്യരായ ലാബ് അസിസ്റ്റന്റ്/മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെക്കൂടി നിലവിലെ 25% സംവരണത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിരവധി നിവേദനങ്ങൾ സർക്കാരിനു ലഭിച്ചു.

(2) സ്പെഷ്യൽ റൂൾസിൽ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികയിൽ തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 25% തസ്തികകളിൽ ഹൈസ്കൂൾ/ യു.പി.സ്കൂൾ/ എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക സബ്ക്വാട്ട നിശ്ചയിച്ചിട്ടില്ലാത്തതിനാൽ യു.പി.സ്കൂൾ/ എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനത്തിന്റെ ആനുകൂല്യം വളരെ പരിമിതമാക്കി മാത്രമേ ലഭിക്കുന്നുള്ളൂ എന്ന സാഹചര്യം പരിഗണിച്ച് ഇപ്പോൾ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികയിൽ തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 25% ക്വാട്ടയിലേയ്ക്ക് ഹൈസ്കൂൾ/ യു.പി.സ്കൂൾ/ എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക സബ്ക്വാട്ട നിശ്ചയിക്കാവുന്നതാണെന്നും ഹയർ സെക്കന്ററി വകുപ്പിലെ യോഗ്യരായ ലാബ് അസിസ്റ്റന്റ് /മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെക്കൂടി ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപക തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിനായി ഉൾപ്പെടുത്താവുന്നതാണെന്നും ഹയർ സെക്കന്ററി ഡയറക്ടർ പരാമർശം (2), (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ/ യു.പി.സ്കൂൾ/ എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേകം സബ്ക്വാട്ട നിശ്ചയിച്ചിട്ടില്ലാത്തിതിനാലും തസ്തികമാറ്റ നിയമനത്തിന് ലാബ് അസിസ്റ്റന്റ്/മിനിസ്റ്റീരിയൽ സ്റ്റാഫിനേയും ഉൾപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതിനാലും സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. എന്നാൽ സ്പെഷ്യൽ റൂൾ ഭേദഗതി പലഘട്ടത്തിലൂടെ കടന്നുപോകുന്ന പ്രക്രിയ ആയതിനാലും കാലതാമസം ഉണ്ടാകുമെന്നതിനാലും സ്പഷ്ടവും വിശദവുമായ എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്ന കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയുണ്ടായി. എന്നാൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തണമെന്ന നിലപാടിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉറച്ചു നിൽക്കുകയുണ്ടായി.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സ്പെഷ്യൽ റൂൾ ഭേദഗതി പല ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന പ്രക്രിയ ആയതിനാൽ വലിയ കാലതാമസത്തിന് ഇടയാക്കുമെന്നതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകതസ്തികയിലേക്കുള്ള 25% തസ്തികമാറ്റ നിയമനങ്ങൾ താഴെപ്പറയുന്ന രീതിയിൽ നിയമനം നടത്തുന്നതിന് ഉത്തരവാകുന്നു.

(4)എച്ച്എസ്എസ് റ്റി (ജൂനിയർ) തസ്തികയിലേക്കുള്ള 25% തസ്തികമാറ്റ നിയമന ക്വാട്ടയിലെ എച്ച്എസ്എ, യുപിഎസ്എ/എൽപിഎസ്എ, ലാബ്അസിസ്റ്റന്റ് & മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 70:20:10 എന്ന അനുപാതത്തിൽ സബ് ക്വാട്ട അനുവദിക്കും. തസ്തികമാറ്റ നിയമനത്തിൽ ലാബ്അസിസ്റ്റന്റുമാരും മിനിസ്റ്റീരിയൽ സ്റ്റാഫും തമ്മിലുള്ള അനുപാതം 1:1 ആയിരിക്കും. ഒരു വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം ഒഴിവുകൾ മറ്റു വിഭാഗത്തിൽനിന്നും നികത്തുന്നതായിരിക്കും.

(5) ഹയർ സെക്കന്ററി വകുപ്പിലെ നേരിട്ടുള്ള നിയമനരീതി അവലംബിച്ചിട്ടുള്ള തസ്തികകളിലെ 01.01.2016 മുതലുണ്ടാകുന്ന ഒഴിവുകളിലേയ്ക്കുള്ള എല്ലാ തസ്തികമാറ്റ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്. സെന്തിൽ,**

**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.**

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും(ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,കേരളം , തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് &ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുഭരണ വകുപ്പ് (എസ് .സി) വകുപ്പ് (28.10.2015-ലെ ഇനം.നം. 7635 പ്രകാരം)
പൊതുവിദ്യാഭ്യാസ (റ്റി/എസ് സി) വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (21/03/2014-ലെ 5765/B3/2014/P&ARD പ്രകാരം)
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.